'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

## സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് - ഡൽഹി രാഷ്ട്രീയ സംസ്കൃത സംസ്ഥാൻ, തിരുപ്പതി രാഷ്ട്രീയ സംസ്കൃത വിദ്യാപീഠം എന്നീ സ്ഥാപനങ്ങൾ നടത്തുന്ന പ്രാക് ശാസ്ത്രി കോഴ്സ് പ്രീ ഡിഗ്രിയ്ക്ക് (പ്ലസ് 2 ന്) തത്തുല്യമായി അംഗീകരിച്ച - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്

സ.ഉ.(കൈ) നം.104/2019/പൊ.വി.വ തീയതി,തിരുവനന്തപുരം, 01/08/2019

---

പരാമർശം:- 1 സ.ഉ.(കൈ)നമ്പർ.137/18/പൊ.വി.വ തീയതി 03.10.2018

2 എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെ 02.07.19 ലെ പ്രോഗ്രാം II/2050/എസ്.സി.ഇ.ആർ.ടി/2019 നമ്പർ കത്ത്

## ഉത്തരവ്

പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം തിരുപ്പതി രാഷ്ട്രീയ സംസ്കൃത സംസ്ഥാൻ നടത്തുന്ന പ്രാക് ശാസ്ത്രി കോഴ്സ് കേരളത്തിലെ അധ്യാപക നിയമനത്തിന് സംസ്കൃതം പ്ലസ് ടു വിന് തുല്യമായി ഉത്തരവായിരുന്നു. എന്നാൽ ഡൽഹി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന രാഷ്ട്രീയ സംസ്കൃത സംസ്ഥാൻ, തിരുപ്പതി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന രാഷ്ട്രീയ സംസ്കൃത വിദ്യാപീഠം എന്നീ സ്ഥാപനങ്ങൾ നടത്തുന്ന പ്രാക് ശാസ്ത്രി കോഴ്സുകൾ ആണ് കേരളത്തിലെ സംസ്കൃതം പ്ലസ് ടു വിന് തുല്യമായി സംസ്ഥാന കരിക്കുലം സ്റ്റിയറിങ് കമ്മിറ്റിയും ഇക്വലൻസി സ്റ്റാന്റിംഗ് കമ്മിറ്റിയും അംഗീകരിച്ചിട്ടുള്ളതെന്ന് പരാമർശം (2) പ്രകാരം എസ്.സി.ഇ.ആർ.ടി ഡയറക്ടർ ശ്രദ്ധയിൽ കൊണ്ടുവരുകയുണ്ടായി.

മേൽ സാഹചര്യത്തിൽ ഒന്നാമതു പരാമർശിച്ച സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തിക്കൊണ്ട് കേരളത്തിലെ വിദ്യാലയങ്ങളിൽ അധ്യാപക നിയമനത്തിന് ഡൽഹി രാഷ്ട്രീയ സംസ്കൃത സംസ്ഥാൻ, തിരുപ്പതി രാഷ്ട്രീയ സംസ്കൃത വിദ്യാപീഠം എന്നീ സ്ഥാപനങ്ങൾ നടത്തുന്ന പ്രാക് ശാസ്ത്രി കോഴ്സുകൾ പ്രീഡിഗ്രിയ്ക്ക് (+2)ന് തുല്യമായി നിശ്ചയിച്ചുത്തരവാകുന്നു.

File No.GEDN-J3/86/2019-G.EDN

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എ.ഷാജഹാൻ**
സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം
ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം , (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനായി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, (വെബ് & ന്യൂ മീഡിയ)/ (പ്രസ് റിലീസ്), വിവര പൊതുജന സമ്പർക്ക വകുപ്പ്
പൊതു വിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും, ഓഫീസർമാർക്കും
കരുതൽ ഫയൽ / ഓഫീസ് കോപ്പി
പകർപ്പ്
ബഹു: പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ ക്ക്
വിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ